ടി.ഇ.എം റാഫി വടുതല

# മനുഷ്യനെ കാണുന്ന ധർമപാതകൾ

عَنْ أَبِى ذَرٍّ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلّى الله عليه وسلّم تَبَسُّمُكَ فِى وَجْهِ أَخِيكَ لَكَ صَدَقَةٌ. وَأَمْرُكَ بِالمَعْرُوفِ وَنَهْيُكَ عَنِ المُنْكَرِ صَدَقَةٌ وَإِرْشَادُكَ الرَّجُلَ فِى أَرْضِ الضَّلَالِ لَكَ صَدَقَةٌ وَبَصَرُكَ لِلرَّجُلِ الرَّدِئِ البَصَرِ لَكَ صَدَقَةٌ وَإِمَاطَتُكَ الحَجَرَ وَالشَّوْكَ وَالْعَظْمَ عَنِ الطَّرِيقِ لَكَ صَدَقَةٌ وَإِفْرَاغُكَ مِنْ دَلْوِكَ فِى دَلْوِ أَخِيكَ لَكَ صَدَقَةٌ. (التَرمذى-- 1956، ألبانى صحيح الجامع 2908)

**അബൂദർറിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: ''സഹോദരന്റെ മുഖത്ത് നോക്കി പുഞ്ചിരിക്കുന്നത് ധർമമാണ്. നന്മ കൽപിക്കുന്നതും തിന്മ വിരോധിക്കുന്നതും ധർമമാണ്. വഴിയറിയാത്ത പ്രദേശത്ത് ഒരാൾക്ക് നീ വഴികാണിച്ചുകൊടുക്കുന്നത് ധർമമാണ്. കാഴ്ചയില്ലാത്തയാൾക്ക് നീ വഴികാട്ടുന്നതും ധർമമാണ്. വഴിയിൽനിന്ന് കല്ലും മുള്ളും എല്ലും നീക്കിക്കളയുന്നത് ധർമമാണ്. നിന്റെ ബക്കറ്റിൽനിന്ന് സഹോദരന്റെ പാത്രത്തിലേക്ക് വെള്ളം ഒഴിച്ചുകൊടുക്കുന്നതും ധർമമാണ്'' (സുനനു തിർമിദി 1956. അൽബാനി– സ്വഹീഹുൽ ജാമിഅ് 2908).**

ഐഹിക ജീവിതം സത്യവിശ്വാസിക്ക് സൽക്കർമങ്ങളുടെ കൃഷിയിടമാണ്. പരലോകത്ത് പ്രതിഫലങ്ങളുടെ വിളവെടുപ്പ് നടത്താൻ ഇഹലോകത്ത് സൽക്കർമങ്ങളുടെ വിത്ത് വിതക്കുന്ന ദൗത്യമാണ് ജീവിതത്തിന്റെ പൊരുൾ.

സൽക്കർമം ചെയ്യാനുള്ള അവസരങ്ങളെ ഉത്സാഹപൂർവം ഏറ്റെടുക്കുന്നവനാണ് വിശ്വാസി. ചുണ്ടിന്റെ പുഞ്ചിരിധർമം മുതൽ വഴിയിൽനിന്ന് ഉപദ്രവമെടുത്തുമാറ്റുന്ന ചെറുവിരൽ ധർമം വരെയുള്ള ബഹുമുഖ ജീവിത കർമങ്ങൾ അനാവരണം ചെയ്യുന്നു ഈ പ്രവാചക വചനം. നിസ്സാര കാര്യങ്ങളെന്ന് വിചാരിച്ച് അവഗണിച്ചു തള്ളുന്ന കാര്യങ്ങൾ വലിയ പുണ്യം നേടിത്തരുന്ന ജീവിത ധർമങ്ങളാണെന്ന് ഹദീസ് ഓർമപ്പെടുത്തുന്നു. പ്രപഞ്ചസ്രഷ്ടാവിൽനിന്ന് പ്രതിഫലം നേടാൻ കഴിയും എന്ന ആത്മവിചാരത്തോടെ ചെറിയ സേവനങ്ങൾ ചെയ്യുമ്പോൾ അത് ജീവിതത്തെ ധന്യമാക്കുന്ന ഉപാസനയായി മാറുന്നു.

കഠിനാധ്വാനമോ സാമ്പത്തിക ചെലവോ ഇല്ലാതെ, പരിചിതരെന്നോ അപരിചിതരെന്നോ വ്യത്യാസമില്ലാതെ സ്നേഹിതർക്കും സഹചാരികൾക്കും നൽകാൻ കഴിയുന്ന സൗജന്യ ധർമമത്രെ പുഞ്ചിരി. മുഖത്തിന്റെ പ്രകാശവും പ്രസന്നതയും ഹൃദയം നിറഞ്ഞ സ്നേഹത്തിന്റെ പ്രകടനമാണ്. ആർദ്രത വറ്റിയ ഹൃദയമുള്ളവരുടെ മുഖങ്ങളിൽ പുഞ്ചിരി വിരിയില്ല. മാലോകർക്കൊക്കെയും കാരുണ്യമായി വർഷിച്ച പ്രവാചകൻ (സ) തൂമന്ദഹാസം പൊഴിക്കുന്ന പൂമരമായിരുന്നു എന്ന് അനുചരന്മാർ വിലയിരുത്തുന്നു. ഹിന്ദു ബ്നു അബീഹാല വ്യക്തമാക്കുന്നു: ''പ്രവാചകൻ പ്രസന്നവദനനും സഖാക്കളോട് ലാളിത്യം നിറഞ്ഞ നിർമല സ്വഭാവിയുമായിരുന്നു.'' പ്രവാചക സ്വഭാവത്തിന്റെ അലങ്കാരമായിരുന്നു പുഞ്ചിരി. പണക്കാരനും പാവപ്പെട്ടവനും വെളുത്തവനും കറുത്തവനും ബാലനും വൃദ്ധനും ഒരേപോലെ പകർന്നുകൊടുക്കാൻ കഴിയുന്ന ധർമം. പ്രവാചകനേക്കാൾ അധികം പുഞ്ചിരിക്കുന്ന ഒരാളെയും കാണാൻ കഴിഞ്ഞിട്ടില്ലെന്ന് അബ്ദുല്ലാഹിബ്നു ഹാരിസ് ഉദ്ധരിക്കുന്നു (തിർമിദി).

ഹൃദയം തുറക്കുന്ന പുഞ്ചിരിയെ അനുഗമിക്കേണ്ട മഹാ ദൗത്യമാണ് നന്മ കൽപിക്കലും തിന്മ വിരോധിക്കലും. തന്റെ സഹോദരനോടുള്ള നിഷ്കളങ്കമായ സ്നേഹത്തിൽനിന്ന് ഉടലെടുക്കുന്നതാണിത്. അവൻ അകപ്പെട്ട തെറ്റായ പാതയിൽനിന്ന് അവനെ രക്ഷിക്കണം. ഒപ്പം വിജയപാതയിലേക്ക് ആനയിക്കാൻ കഴിയണം. ഇഹപര മോക്ഷത്തിന്റെ സ്വർഗപാതയിലേക്ക് അവനെ വഴിനടത്തണം. ഐഹികവും പാരത്രികവുമായ നഷ്ടത്തിന് വിധേയമാകുന്ന തിന്മയുടെ പാതയിൽനിന്ന് അവനെ മോചിപ്പിക്കണം. അതത്രെ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിന്റെ ആന്തരാർഥം. വചനങ്ങളിൽ ഏറ്റവും ഉത്തമം അല്ലാഹുവിലേക്കുള്ള ക്ഷണമാണെന്ന് ഖുർആനും (*ഫുസ്സിലത്ത്* 33) ഒരാളെ സന്മാർഗത്തിലേക്ക് ആനയിക്കുന്നത് ഐഹിക ലോകത്തെ സർവാനുഗ്രഹങ്ങളേക്കാളും മഹത്തരമാണെന്ന് പ്രവാചക വചനവും ഓർമിപ്പിക്കുന്നു.

ലക്ഷ്യസ്ഥാനത്തെത്താൻ വഴിയറിയാതെ അലയുന്ന ആളുകൾ ഗ്രാമത്തിലും വിശിഷ്യാ നഗരങ്ങളിലും ഏറെയാണ്. നാഗരികജീവിതത്തിന്റെ ദ്രുതവേഗത്തിനിടയിൽ ദിശയറിയാതെ ബുദ്ധിമുട്ടുന്നവന് ദിശാബോധം നൽകുന്നത് ധർമമാണ്. അന്യനായിരുന്ന മറുനാട്ടുകാരന്റെ മനസ്സിൽ ഒരു സഹോദരനെപ്പോലെ കൂടുകൂട്ടാൻ കഴിയുന്ന വിശിഷ്ടമായ കർമം. വലം കൈയിലെ നിർജീവമായ വടി വഴികാട്ടിയായി ജീവിക്കുന്ന ധാരാളം അന്ധന്മാർ, നട്ടുച്ച നേരത്തെ കൊടും വെയിലിൽ ഇരുട്ടുമൂടിയ കണ്ണുമായി വഴിയരികിൽ നിൽക്കുന്ന വൃദ്ധന്മാർ, തിരക്കേറിയ രാജവീഥി മുറിച്ചുകടക്കാൻ പരസഹായം തേടി നിൽക്കുന്ന ദുർബലർ. വഴിയറിയാത്തവന്റെയും കാഴ്ചയില്ലാത്തവന്റെയും കൈപിടിച്ച് അവർക്ക് വഴികാട്ടിയാകുമ്പോൾ നമുക്ക് തുറന്നുകിട്ടുന്നത് സ്വർഗത്തിലേക്കുള്ള സരള വഴി. വഴിയിൽ കിടക്കുന്ന കല്ലും മുള്ളും എല്ലും നീക്കി സുഖപാത ഒരുക്കുന്നതും പുണ്യം തന്നെ. ഈമാനിന്റെ എഴുപതിൽപരം ശാഖകളിൽ പ്രഥമം ലാഇലാഹ ഇല്ലല്ലാഹ് എന്ന വചനവും ഒടുക്കം വഴിയിൽനിന്ന് ഉപദ്രവം നീക്കലുമാണെന്ന് പ്രവാചകൻ (സ) പഠിപ്പിച്ചു.

സഹാനുഭൂതി നിറഞ്ഞൊഴുകുന്ന ഹൃദയമുള്ളവരുടെ പാത്രത്തിൽനിന്ന് മാത്രമേ സഹോദരന്റെ പാത്രത്തിലേക്ക് വെള്ളം പകരാൻ സാധിക്കുകയുള്ളൂ. സാഹോദര്യബന്ധങ്ങളെ ജീവസ്സുറ്റതാക്കുന്ന സഹവർത്തിത്വത്തിന്റെ നിറപ്പകർച്ചയാണ് ഈ ജലപ്പകർച്ച. പാതയോരത്തെ പൊതു ടാപ്പിനും കിണറിനും മുന്നിൽ അറ്റമില്ലാതെ നീളുന്ന വരികൾക്കിടയിൽ വിരിയുന്ന സഹാനുഭൂതിയുടെ സാഹോദര്യപുഷ്പങ്ങൾ. വിണ്ടുകീറിയ പ്രതലങ്ങളിലൂടെ പരുപരുത്ത പാറ ചവിട്ടി മൺകുടവും തലയിലേറ്റി കുടിനീരിനായി കാതങ്ങൾ നടന്ന് ജനം വലയുമ്പോൾ നീലിമ നിറഞ്ഞ നീന്തൽകുളത്തിൽ നീരാടുന്ന ആധുനിക സ്വാർഥമനസ്സുകളിൽ ഈ സാഹോദര്യത്തിന്റെ ധർമപ്പകർച്ച ഉണ്ടായിക്കൊള്ളണമെന്നില്ല.

ഇമാം അഹ്മദ് തന്റെ പുത്രനോട് ഉപദേശിച്ചു: മോനേ, നിനക്ക് ചെയ്യാൻ കഴിയുന്ന ചെറിയ കർമങ്ങൾ പോലും കഴിവിന്റെ പരമാവധി നീ ചെയ്യുക. ഒരുവേള നാളെ അതിനു അവസരം ലഭിച്ചുകൊള്ളണമെന്നില്ല. ഇന്നത്തെ കർമം നീ നാളത്തേക്ക് മാറ്റിവെക്കരുത്. ഒരുപക്ഷേ, നാളെ നീ ഉണ്ടായിക്കൊള്ളണമെന്നില്ല. നന്മ നിറഞ്ഞ ഒരു വചനം ഒരു പഠിതാവിന് പ്രചോദനമായേക്കാം. അഗതിയുടെ വായയിൽ വെച്ച് കൊടുക്കുന്ന ഒരു പിടി ഭക്ഷണം അവന് ആത്മഹർഷം പകർന്നേക്കാം. പാപങ്ങളിൽ മുങ്ങിപ്പോയവനോടുള്ള സാരോപദേശം അവന് സന്മാർഗത്തിലേക്കുള്ള വഴി തുറന്നേക്കാം. അതിനാൽ നന്മയുടെ അവസരങ്ങളെ നിർവികാരനായി അവഗണിക്കരുത്.

മനം മടുപ്പിക്കുന്ന അരോചക കർമങ്ങളേക്കാൾ മനുഷ്യഹൃദയങ്ങളെ വിളക്കിച്ചേർക്കുന്ന സേവനധർമങ്ങളാണ് പ്രബോധനദൗത്യം ഏൽപിക്കപ്പെട്ട വിശ്വാസികൾക്കാവശ്യം. ജനസമൂഹങ്ങളിൽനിന്ന് ഇറങ്ങിയോടുന്ന പലായനമല്ല ജനഹൃദയങ്ങളിൽ കൂടുകൂട്ടുന്ന ജനസേവനമാണ് കാലം തേടുന്നത്. വിശ്വാസിയുടെ മുന്നിൽ നിത്യവും തുറക്കുന്ന സ്വർഗത്തിലേക്കുള്ള നന്മവഴികൾ. 'അതിനാൽ അണുമണിത്തൂക്കം നന്മ ചെയ്തവൻ അത് കാണും' (*അസ്സൽസല* 7). ●